പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 945** **20/03/2012 ൽ മറുപടിക്ക്**

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ(ആർ.എം.എസ്.എ.)

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് പദ്ധതി ആരംഭിച്ചത്; കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ; | എ) ആർ.എം.എസ്.എ. പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. 2009-10 വർഷത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. 2009-10 വർഷം മുതൽ കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. 2009-10 വർഷത്തിൽ 18.22 കോടി രൂപയും 2010-11 വർഷത്തിൽ 5.84 കോടി രൂപയുമായി ഇതുവരെ 24.06 കോടി രൂപ ലഭിച്ചിട്ടുണ്ട്. 24.06 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കുള്ള വാർഷിക ഗ്രാന്റും 2009-10 വർഷത്തിൽ ഹൈസ്കൂളാക്കി ഉയർത്താൻ അംഗീകാരം ലഭിച്ച 60 സ്കൂളുകളിലെ ജീവനക്കാർക്കുള്ള ശമ്പള ഇനത്തിലും, ഓരോ വർഷത്തെയും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും, സ്കൂളുകളിലെ വിവരശേഖരണത്തിനായും സംസ്ഥാന ഓഫീസിലെ മറ്റു ചെലവുകൾക്കായുമാണ് ഈ തുക വിനിയോഗിച്ചത്. |
| ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന- ജില്ലാ പ്രോജക്ട് ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളത്; ഇതിനായുള്ള തസ്തികകൾ എന്നാണ് സൃഷ്ടിച്ചത്; സംസ്ഥാന ജില്ലാ പ്രോജക്ട് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | ബി) സംസ്ഥാന ഓഫീസിൽ മൂന്ന് അക്കാഡമിക് പ്രോജക്ട് ഓഫീസർമാരെ മാത്രമാണ് നിയമിച്ചിട്ടുള്ളത്. ജില്ലാ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിനാൽ ജില്ലാ തലത്തിൽ പ്രോജക്ട് ഓഫീസർമാരെ നിയമിച്ചിട്ടില്ല. പ്രസ്തുത തസ്തികകൾ സർക്കാർ ഉത്തരവ് (എം.എസ്)നം. 59/2011/പൊ.വി.വ. തീയതി 26.2.2011 നാണ് സൃഷ്ടിച്ചിട്ടുള്ളത്. സംസ്ഥാന പ്രോജക്ട് ഓഫീസ് പ്രവർത്തനം തുടങ്ങിയിട്ടുണ്ടെ |

(....2)

ങ്കിലും കൂടുതൽ തസ്തികകൾ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടത്തിയാൽ മതിയെന്ന് സർക്കാർ ഉത്തരവിലുള്ളതിനാൽ ജില്ലാ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല എങ്കിലും ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ജില്ലാ പ്രോജക്ട് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

സി) പ്രസ്തുത പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന സംസ്ഥാന-ജില്ലാ പ്രോജക്ട് ഓഫീസർമാരുടെ യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഈ യോഗ്യതയുള്ളവരെയാണോ പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

സി) സംസ്ഥാന അക്കാദമിക് പ്രോജക്ട് ഓഫീസർമാരുടേയും ജില്ലാ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർമാരുടേയും തസ്തികകൾ ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള 12250-19800 എന്ന നിരക്കിലും ജില്ലാ പ്രോജക്ട് ആഫീസറുടെ തസ്തികയിൽ 13610-20700 എന്ന നിരക്കിലും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വഴി നിയമിക്കാവുന്നതാണെന്നാണ് സർക്കാർ ഉത്തരവ് (എം.എസ്) നം.59/2011/പൊ.വി.വ തീയതി 26/2/2011 പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 5421/2011/പൊ.വി.വ തീയതി 3/12/2011 പ്രകാരം രണ്ട് അക്കാദമിക് പ്രോജക്ട് ഓഫീസർമാരെയും സർക്കാർ ഉത്തരവ് (ആർ.റ്റി) 534/2012/പൊ.വി.വ തീയതി 1/2/2012 പ്രകാരം ഒരു അക്കാഡമിക് പ്രോജക്ട് ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ജില്ലാ പ്രോജക്ട് ഓഫീസറുടെ ചുമതല നിലവിൽ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്കാണ് നൽകിയിട്ടുള്ളത്. ജില്ലാ തലത്തിൽ മറ്റു തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ